**C.No- 328 /2024/D/KAP1**
**Dated : 29/07/2024**

## കുറ്റാരോപണ മെമ്മോ

കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വന്നിരുന്നതും, സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ ഡെപ്യൂട്ടേഷന് വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്നതുമായ പിസി.10155 (പെൻ 902477) ശ്രീ.പ്രശാന്ത്.എൻ.പി. -ക്ക് എതിരായുള്ള കുറ്റാരോപണ മെമ്മോ.

I. കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വന്നിരുന്നതും, സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ ഡെപ്യൂട്ടേഷന് വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്നതുമായ പിസി.10155 (പെൻ 902477) ശ്രീ.പ്രശാന്ത്.എൻ.പി. എന്ന താങ്കളുടെ അപേക്ഷ പ്രകാരം 05.09.2023 തീയ്യതി SISF-ൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേക്ക് പോകാന് പാടുള്ളൂ എന്നിരിക്കെ ആയതിനു വിരുദ്ധമായി ഡ്യൂട്ടിയിൽ നിന്നും അനധികൃതമായി വിട്ടു നിന്ന് വിദേശ രാജ്യത്തേക്ക് കടന്ന് പോയത് കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ്. അച്ചടക്കം പരമപ്രധാനമായ അച്ചടക്ക സേനയിലെ ഒരു സേനാംഗം എന്ന നിലയ്ക്ക് താങ്കള് ഗുരുതരമായ അച്ചടക്ക ലംഘനം കാണിച്ചിരിക്കയാൽ,

II. 1958 –ലെ കേരള പോലീസ് വകുപ്പ് അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങളില് അനുശാസിക്കും പ്രകാരം താങ്കൾക്കെതിരെ ശിക്ഷണ നടപടികള് സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കാന് ഇതിനാല് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നൽകുന്നതിനായി ഈ ആരോപണ പത്രിക കൈപ്പറ്റുന്ന തിയതി മുതൽ 15 ദിവസത്തെ സമയം അനുവദിക്കുന്നു, നിശ്ചിത സമയപരിധിക്കുള്ളിൽ താങ്കളുടെ രേഖാമൂലമുള്ള സമാധാനം താഴെ ഒപ്പിട്ടിരിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥന് മുൻപാകെ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരുവിധ വിശദീകരണവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടര് നടപടികള് സ്വീകരിക്കുന്നതാണ്. താങ്കൾക്ക് നേരിൽകണ്ട് വിവരങ്ങൾ ബോധിപ്പിക്കുവാന് ആഗ്രഹിക്കുന്നുവെങ്കില് ആ വിവരം അറിയിക്കാവുന്നതാണ്.ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റില് പറഞ്ഞിട്ടുള്ള പ്രസക്ത ഭാഗങ്ങൾ താങ്കൾക്ക് നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തിയതിക്ക് മുൻപുള്ള ഓഫീസ് പ്രവർത്തി ദിവസങ്ങളില് താങ്കളുടെ അപേക്ഷയിൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ഒരു ദിവസം ഈ അന്വേഷണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തില് അവയില് നിന്നും പ്രസക്ത ഭാഗങ്ങള് എഴുതിയെടുക്കാവുന്നതാണ്.

III. മേൽപ്പറഞ്ഞ കുറ്റങ്ങളെ സംബന്ധിച്ച ആരോപണ പത്രിക ഇതോടൊപ്പം ചേർക്കുന്നു.

## ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വന്നിരുന്നതും, സംസ്ഥാന വ്യവസായ സംരക്ഷണ സേനയില് ഡെപ്യൂട്ടേഷന് വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്നതുമായ പിസി.10155 (പെൻ 902477) ശ്രീ.പ്രശാന്ത്.എൻ.പി. എന്ന താങ്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തില് സംസ്ഥാന വ്യവസായ സംരക്ഷണ സേന കമാണ്ടന്റിന്റെ 18.08.2023 തീയതിയിലെ എസ്സ്.ഒ. 175/2023/എസ്സ്.ഐ.എസ്സ്.എഫ്. നമ്പർ ഉത്തരവ് പ്രകാരം കേരള ആംഡ്

പോലീസ് ഒന്നാം ബറ്റാലിയനിലേയ്ക്ക് മടക്കി അയച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും , 05.09.2023 തീയ്യതി SISF-ൽ നിന്നും വിടുതല് ചെയ്തിട്ടുള്ളതുമാണ്. ഡ്യൂട്ടിക്ക് ഹാജരാകാത്തതിനാൽ 27.01.2024 തീയ്യതി എ4-1567/2024/കെ.എ.പി. 1 നമ്പര് പ്രകാരം ഡ്യൂട്ടിക്ക് ഹാജരാകാന് നിർദ്ദേശിച്ച് മെമ്മോ നൽകിയിട്ടുള്ളതാണ്. ആയതിന് മറുപടി നൽകുകയോ ഡ്യൂട്ടിക്ക് ഹാജരാകാതെ വിട്ടു നിന്നിട്ടുമുള്ളതുമാണ്. വീണ്ടും താങ്കള് ഡ്യൂട്ടിക്ക് ഹാജരാകാത്തതിനെ തുടർന്ന് കെ.എ.പി.1 ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുറ്റന്റ് യഥാക്രമം 06.03.2024,18.03.2024,05.04.2024 തീയതികളിൽ കാരണം കാണിക്കല് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് ശ്രീ.പ്രശാന്ത് ആയ താങ്കൾ സ്ഥലത്ത് ഇല്ലാത്തതിനാല് താങ്കളുടെ മാതാവായ ശ്രീമതി ഇന്ദിര പുരുഷോത്തമൻ കൈപ്പറ്റിയിട്ടുള്ളതുമാണ്. താങ്കളുടെ മാതാവായ ശ്രീമതി ഇന്ദിര പുരുഷോത്തമനിൽ നിന്നും അറിയുവാന് കഴിഞ്ഞത് താങ്കൾ വിദേശത്തേക്ക് പോയി എന്നാണ്. ആയതിനാൽ ബഹു.കമാണ്ടന്റ് കെ.എ.പി ഒന്നാം ദളം അവർകള് 06.09.2023 തീയ്യതി മുതല് എ5-(ബി)-4116/2024/കെ.എ.പി. 1 നമ്പര് 12.04.2024 ഉത്തരവ് പ്രകാരം സേനയില് നിന്നും ഒളിച്ചോടിയതായി(ഡെസർട്ടർ) ആയി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേക്ക് പോകാൻ പാടുള്ളൂ എന്നിരിക്കെ ആയതിനു വിരുദ്ധമായി ഡ്യൂട്ടിയില് നിന്നും അനധികൃതമായി വിട്ടു നിന്ന് വിദേശ രാജ്യത്തേക്ക് കടന്ന് പോയത് കേരള സർക്കാര് ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ്. അച്ചടക്കം പരമപ്രധാനമായ അച്ചടക്ക സേനയിലെ ഒരു സേനാംഗം എന്ന നിലയ്ക്ക് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടാകാന് പാടില്ലാത്ത ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് പ്രഥമദൃഷ്ട്യ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ താങ്കൾക്കെതിരെ 1958 –ലെ കേരള പോലീസ് വകുപ്പ് അന്വേഷണ ശിക്ഷണ അപ്പീല് ചട്ടങ്ങളില് അനുശാസിക്കും പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷണ നടപടികുറിപ്പുകള് സമർപ്പിക്കുന്നതിന് ഉത്തരവ് നമ്പര് - H1-10449/2024/KAP1 തീയ്യതി- 25.06.2024 പ്രകാരം കെ.എ.പി ഒന്നാം ബറ്റാലിയൻ "ഡി" കമ്പനി ഓഫീസര് കമാണ്ടിംഗ് ആയി പ്രവർത്തിയെടുത്ത് വരുന്ന എന്നെ ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ ഈ കുറ്റാരോപണ മെമ്മോ താങ്കൾക്കെതിരെ തയ്യാറാക്കിയിരിക്കുന്നു.

IV. താങ്കളുടെ പേരിലുള്ള കുറ്റാരോപണങ്ങളെ സംബന്ധിച്ച് വിശദമായ വാച്യാന്വേഷണം നടത്തുന്നതിനും തതവസരങ്ങളില് താഴെ പറയുന്ന സാക്ഷികളെ വാദിഭാഗം സാക്ഷികളായും, രേഖകളെ വാദിഭാഗം രേഖകളായും ഉൾപ്പെടുത്തിയിരിക്കുന്നു. ആവശ്യമാകുന്ന പക്ഷം കൂടുതൽ സാക്ഷികളെയും, രേഖകളെയും തെളിവിലെക്കായി സ്വീകരിക്കുന്നതാണ്.

## വാദിഭാഗം സാക്ഷികൾ

1. ശ്രീമതി. ഇന്ദിര പുരുഷോത്തമൻ (പിസി.10155,പെൻ: 902477) ശ്രീ.പ്രശാന്ത്.എന്.പി. യുടെ മാതാവ് )
2. ശ്രീ. പ്രവീൺ പുരുഷോത്തമന് (പിസി.10155,പെൻ:902477 ശ്രീ.പ്രശാന്ത്.എൻ.പി. യുടെ സഹോദരൻ )
3. ശ്രീ.ലോയിഡ് ജോൺ, പിസി.9771,എഫ് കമ്പനി,കെ.എ.പി-1, ഡിറ്റാച്ച്മെന്റ് ക്യാമ്പ്, പോത്താനിക്കാട്.

## വാദിഭാഗം രേഖകൾ

1. ഉത്തരവ് നമ്പര് എസ്സ്.ഒ.-194/2023/എസ്സ്.ഐ.എസ്സ്.എഫ് . തീയ്യതി 12.09.2023.
2. C NO.250809/2024/KAP-1/AC ADJ Dated 20.01.2024 പ്രകാരം ബഹു.കമാണ്ടന്റ് കെ.എ.പി ഒന്നാം ദളം അവർകള്ക്കു നല്കിയ റിപ്പോർട്ടിന്റെ. പകർപ്പ്.

3. No.A4-1567/2024/KAP-1 Dated 27.01.2024 പ്രകാരം നല്കിയ മെമ്മോയുടെ പകർപ്പ് ശ്രീമതി. ഇന്ദിര പുരുഷോത്തമൻ കൈപ്പറ്റിയതിന്റെ പകർപ്പ്.
4. C NO.437695/2024/KAP-1/AC ADJ DATED 03.02.2024 പ്രകാരം ബഹു.കമാണ്ടന്റ് കെ.എ.പി ഒന്നാം ദളം അവർകൾക്കു ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുറ്റന്റ് നല്കിയ റിപ്പോർട്ടിന്റെ പകർപ്പ്.
5. No.A4-1567/2024/KAP-1 Dated 25.02.2024 പ്രകാരം ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുറ്റന്റിന് ബഹു: കെ.എ.പി ഒന്ന് നല്കിയ നിർദ്ദേശത്തിന്റെ പകർപ്പ്.
6. A5(b)-4116/2024/KAP-1 Dated 08.03.2024 പ്രകാരം ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുടന്റിന് ബഹു: കെ.എ.പി ഒന്ന് നല്കിയ നിർദ്ദേശത്തിന്റെ പകർപ്പ്.
7. C NO.106/2024/KAP-1/AC ADJ DATED 06.03.2024 പ്രകാരം നല്കിയ കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ്.
8. C NO.128/2024/KAP-1/AC ADJ DATED 18.03.2024 പ്രകാരം നല്കിയ കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ്.
9. C NO.157/2024/KAP-1/AC ADJ DATED 05.04.2024 പ്രകാരം നല്കിയ കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ്.
10. C NO.437695/2024/KAP-1/AC ADJ DATED 03.02.2024 പ്രകാരം ബഹു.കമാണ്ടന്റ് കെ.എ.പി ഒന്നാം ദളം അവർകൾക്കു ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുറ്റന്റ് നല്കിയ റിപ്പോർട്ടിന്റെ പകർപ്പ്.
11. ഉത്തരവ് നമ്പർ A5-(b)-4116/2024/KAP-1. തീയ്യതി 12.04.2024 -ന്റെ പകർപ്പ്.
12. C NO.1430600/2024/KAP-1/AC ADJ DATED 20.04.2024 പ്രകാരം ബഹു.കമാണ്ടന്റ് കെ.എ.പി ഒന്നാം ദളം അവർകൾക്കു ബഹു:അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജുറ്റന്റ് നല്കിയ റിപ്പോർട്ടിന്റെ പകർപ്പ്.

ഈ കുറ്റാരോപണ മെമ്മോയുടെ രണ്ട് പകർപ്പുകൾ താങ്കൾക്ക് നൽകുന്നു, ഒരു പകർപ്പ് കൈപ്പറ്റി മറുപകർപ്പിൽ കൈപ്പറ്റുന്ന തിയതി,കയ്യൊപ്പ്,പേരുവിവരം എന്നിവ രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്.

പോത്താനിക്കാട്
29.07.2024

ഷൈജു.എസ്സ്.
(അന്വേഷണ ഉദ്യോഗസ്ഥൻ)
ആംഡ് പോലീസ് ഇൻസ്പെക്ടർ
ഡി കമ്പനി കെ.എ.പി ഒന്നാം ദളം
ഡിറ്റാച്ച്മെന്റ്ക്യാമ്പ്,
പോത്താനിക്കാട്

അംഗീകരിച്ചു

Commandant,
Kerala Armed Police -1 Bn.,
Tripunithura, Ernakulam